©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

# (2019-2021)

**ആറാമത് റിപ്പോർട്ട്**

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക /ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021)

**ആറാമത് റിപ്പോർട്ട്**

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക /ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്]

436/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2019-2021)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. നൗഷാദ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. കെ. ശശി

ശ്രീ. ഐ. ബി. സതീഷ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രി ഡി. ഡി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2020 ഡിസംബർ 22-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2021 ജനുവരി 13.

## ആമുഖം

ഇൻഡ്യൻ ജനാധിപത്യത്തിൽ 'അറിയാനുള്ള അവകാശം' സുപ്രധാനമാണ്. ഭരണഘടന ഏതൊരു ഇൻഡ്യൻ പൗരനും അത് ഉറപ്പ് നല്കുന്നു. ഇത് പ്രാവർത്തികമാക്കുന്നതിൽ നിയമസഭകൾ വലിയ പങ്ക് വഹിക്കുന്നു. രേഖകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലൂടെ അക്ഷരാർത്ഥത്തിൽ അവ പൊതുസമൂഹത്തിന്റെ അറിവിലേയ്ക്കായി തുറന്നുകൊടുക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം തന്നെ പൊതുഖജനാവിൽ നിന്നും ധനസഹായം കൈപ്പറ്റി പ്രവർത്തിക്കുന്നവയാണ്. സർക്കാരിന്റെ മുടക്കുമുതൽ ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കുന്നുണ്ടോ എന്നറിയുന്നത് സ്ഥാപനങ്ങൾ നിയമസഭയിൽ യഥാസമയം സമർപ്പിക്കുന്ന വാർഷിക/ആഡിറ്റ് റിപ്പോർട്ടുകളിലൂടെയാണ്. മിക്കവാറും പൊതുമേഖലാ സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നില്ല എന്നത് ജനാധിപത്യ സംവിധാനത്തിൽ നിയമസഭയോട് കാണിക്കുന്ന അവഹേളനമാണ്.

നിയമസഭയിൽ രേഖകൾ യഥാസമയം സമർപ്പിക്കുന്നതിലൂടെ അവ സസൂക്ഷ്മം പരിശോധിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനും അവയുടെ വളർച്ചയ്ക്ക് പ്രേരകമാകാവുന്ന ശിപാർശകൾ ബഹു. സാമാജികൾക്ക് ഉന്നയിക്കാനും അവ നടപ്പിലാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ വളർച്ച ദ്രുതഗതിയിലാക്കാനും കഴിയും. റിപ്പോർട്ട് സമർപ്പണത്തിൽ നാലും അഞ്ചും വർഷം കുടിശ്ശിക വരുത്തുമ്പോൾ ആ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ലാഭത്തിലാണോ, നഷ്ടത്തിലാണോ എന്നത് കൃത്യ സമയത്ത് മനസ്സിലാക്കാനും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിനോ, നഷ്ടം നികത്തി മുന്നോട്ട് പോകുന്നതിനോ കഴിയാതെ ഏറെ തകർച്ചയിലെത്തിയതിനുശേഷം മാത്രം അധികൃതരുടെ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യം സംജാതമാകുന്നതാണ്.

റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശ്ശിക വരുത്തിയ വകുപ്പാണ് മൃഗസംരക്ഷണ വകുപ്പ് എന്നത് ശ്രദ്ധയിൽപ്പെട്ട സമിതി, പ്രസ്തുത വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവികളെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയെയും വിളിച്ചുവരുത്തി വിശദീകരണം ആരായുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 25-9-2019-ന് ഒരു തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷം മൃഗസംരക്ഷണത്തിലൂന്നി പ്രവർത്തനമാരംഭിച്ച കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക മേഖലയിൽ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറെ ശ്ലാഘനീയമാണ്. സംസ്ഥാനത്തെ വളർത്തു മൃഗങ്ങളിലധികവും ഗ്രാമീണ മേഖലയിലാണുള്ളത്. പ്രധാനമായും കർഷകരും കർഷകത്തൊഴിലാളികളുമാണ് മൃഗങ്ങളെ വളർത്തുന്നതിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത്. അതുകൊണ്ട് തന്നെ മൃഗസംരക്ഷണ മേഖലയുടെ വികസനം ഗ്രാമീണ സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 10 ശതമാനം ലഭ്യമാകുന്നത് ഈ മേഖലയിൽ നിന്നുമാണ്. പാൽ, മാംസം, മുട്ട എന്നിവയാണ് ഈ മേഖലയിൽ നിന്നുള്ള പ്രധാന ഉൽപ്പന്നങ്ങൾ. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിലെ ഉൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നുള്ള പ്രധാന വ്യാവസായിക ഉൽപ്പന്നങ്ങളായ തുകൽ, മൃഗത്തോലുകൾ, സംസ്കരിച്ച മാംസം തുടങ്ങിയവ നല്കാൻ കഴിയുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ പുത്തൻ ഉണർവ്വിന് വഴി തെളിക്കാനും ഈ മേഖല വലിയ പങ്ക് വഹിക്കുന്നു.

(2) 1956-ലെ കമ്പനി ആക്ട് പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള ഫീഡ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നിവയും കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയ്ക്ക് നിസ്തുലമായ സംഭാവനകളാണ് നല്കി വരുന്നത്. സർക്കാരിൽ നിന്നും 50 ലക്ഷം രൂപയിലധികം ഗ്രാന്റ് കൈപ്പറ്റുന്ന പ്രസ്തുത സ്ഥാപനങ്ങൾ നിലവിലെ ചട്ടമനുസരിച്ച് അതാത് സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം കഴിഞ്ഞ് വരുന്ന ഡിസംബർ 31-നകം നിയമസഭയിൽ സമർപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ പ്രതിവർഷ വരവ്/ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിലും സഭയിൽ സമർപ്പിക്കുവാൻ

സമയബന്ധിതമായി ലഭ്യമാക്കുന്നതിലും മൃഗസംരക്ഷണ വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നില്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. നാലും അഞ്ചും വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകളാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം സ്ഥാപനങ്ങളും ലഭ്യമാക്കാനുള്ളത് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും കുടിശ്ശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രികയിന്മേൽ സമിതി ആവശ്യപ്പെടുന്ന അധികവിവരം ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു.

(3) മൃഗസംരക്ഷണ വകുപ്പിന്റെയും അതിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു ചോദ്യാവലി വകുപ്പിന് നൽകിയിരുന്നുവെങ്കിലും അതിനും യഥാസമയം ഒരു മറുപടി നൽകാൻ വകുപ്പിന് സാധിച്ചിട്ടില്ല. പ്രസ്തുത ചോദ്യാവലി ചുവടെ ചേർക്കുന്നു:

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(B) പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിശദ വിവരം ?

2. ഓരോ സ്ഥാപനവും ഏത് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ? പ്രസ്തുത ആക്ടിൽ വാർഷിക റിപ്പോർട്ട്/വാർഷിക കണക്ക്/ഭരണ റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുക.

3. ഓരോ സ്ഥാപനത്തിന്റെയും ഏത് വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് അക്കൗണ്ടുകളുമാണ് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന് ലഭ്യമാക്കിയിട്ടുള്ളത് ?

4. റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കുടിശ്ശികയുണ്ടാവാനിടയാക്കിയ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ് ?

(4) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സർക്കാർ ധനസഹായം നല്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2. കേരള ഫീഡ്സ് ലിമിറ്റഡ്

3. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

4. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്

5. കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

6. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

25-9-2019 വരെ കുടിശ്ശികയായിട്ടുള്ള രേഖകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ചത്/സമർപ്പിച്ച തീയതി | കുടിശ്ശിക റിപ്പോർട്ടുകൾ (വാർഷിക/ആഡിറ്റ്) |
|---|---|---|
| കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 30-11-2018 | 2015-16 മുതൽ 2018-19 വരെ |
| കേരള ഫീഡ്സ് ലിമിറ്റഡ് | 2012-13-ലെ വാർഷിക റിപ്പോർട്ട് 13-6-2019 | 2013-14 മുതൽ 2018-19 വരെ |
| കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ | 2012-13-ലെ വാർഷിക റിപ്പോർട്ട് 13-6-2019 | 2013-14 മുതൽ 2018-19 വരെ |
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ് | 2013-14-ലെ വാർഷിക റിപ്പോർട്ട് 30-11-2018 | 2014-15 മുതൽ 2018-19 വരെ |
| കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി | 2017-18-ലെ വാർഷിക റിപ്പോർട്ട് 30-11-2018 | 2010-11 മുതൽ 2018-19 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ |
| കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് | 2012-13-ലെ ആഡിറ്റ് റിപ്പോർട്ട് 10-2-2016 | 2013-14 മുതൽ 2018-19 വരെ |

(5) സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയുടെ ദൃഷ്ടാന്തങ്ങളാകുന്ന വാർഷിക/ ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിച്ചാൽ മാത്രമേ സ്ഥാപന പുരോഗതി വിലയിരുത്താനും ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ കണ്ടെത്താനും തുടർനടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ. റിപ്പോർട്ടുകൾ കുടിശ്ശിക വരുത്തുന്നതുമൂലം

പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മനസ്സിലാക്കാൻ കഴിയില്ല. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും നഷ്ടത്തിലാണെന്ന വസ്തുത കണക്കിലെടുത്താൽ മേൽ സ്ഥാപനങ്ങൾ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ, കാലതാമസ പത്രികയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരം എന്നിവ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി, സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും 25-9-2019-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

25-9-2019-ലെ തെളിവെടുപ്പിനു ശേഷം ലഭ്യമാക്കിയ രേഖകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| സ്ഥാപനം | രേഖകൾ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | - | - |
| കേരള ഫീഡ്സ് ലിമിറ്റഡ് | 2013-14, 2014-15 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് | 29-10-2019 & 5-2-2020 (2015-16-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടില്ല) |
| കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ | 2013-14, 2014-15 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് | 29-10-2019 & 5-2-2020 |
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ് | 2014-15 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് | 5-2-2020 & 24-8-2020 |
| കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി | 2010-11 മുതൽ 2015-16 വരെയുള്ള ആഡിറ്റ് റിപ്പോർട്ടും 2018-19-ലെ വാർഷിക റിപ്പോർട്ടും | 5-2-2020 |
| കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് | 2013-14 മുതൽ 2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ട് (കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല) | - |

1. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

(6) 1976-ൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഇൻഡോ-സ്വിസ് പ്രോജക്ട് കേരളയും ക്ഷീരവികസന വകുപ്പിന്റെ ധോനിയിലെ ബുൾ സ്റ്റേഷനും സംയുക്തമായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് രൂപീകൃതമായി. കേരള സംസ്ഥാനത്തിന് കന്നുകാലി വികസനത്തിലൂന്നി പ്രവർത്തനം ആരംഭിച്ച സ്ഥാപനം സങ്കരയിനം പശുക്കളെ വികസിപ്പിച്ചെടുക്കാനായി കൃത്രിമ ബീജ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചതു വഴി പാലുല്പാദനത്തിൽ ഗണ്യമായ മാറ്റം ഉണ്ടാക്കാനും മൃഗസംരക്ഷണത്തിന് നിസ്തുലമായ സംഭാവനകൾ നല്കാനും കഴിഞ്ഞിട്ടുണ്ട്. 50 ലക്ഷം രൂപയിൽ കൂടുതൽ സർക്കാർ ധനസഹായം കൈപ്പറ്റുന്ന ഈ സ്ഥാപനം അതിന്റെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കാൻ ബാദ്ധ്യസ്ഥമാണ്. പ്രസ്തുത സ്ഥാപനം 2014-15 സാമ്പത്തിക വർഷം വരെയുള്ള റിപ്പോർട്ടുകൾ സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ 2015-16 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

(7) സി. &എ. ജി.യിൽ നിന്ന് മൂന്ന് വർഷത്തേയ്ക്ക് ഒരു ആഡിറ്ററെ മാത്രമാണ് നിയമിക്കുന്നതെന്നും അതിനാൽ ആഡിറ്റ് പൂർത്തിയാക്കിയാലും റിപ്പോർട്ടുകൾ പരിശോധിച്ച് അവയുടെ ക്ലോസിംഗ് ബാലൻസ് കണ്ടെത്തി വാർഷിക പൊതുയോഗം കൂടി വീണ്ടും സി.&എ.ജി. യുടെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ടെന്നും ഇതുമൂലമാണ് കാലതാമസമുണ്ടാകുന്നതെന്നും തെളിവെടുപ്പ് വേളയിൽ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എം.ഡി. സമിതി മുൻപാകെ ബോധിപ്പിച്ചു. 2015-16 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് 2019 ഡിസംബർ മാസത്തിനകം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സാധിക്കുമെന്നും 2019 ഒക്ടോബർ 4-ന് കൂടുന്ന ബോർഡ് യോഗം അംഗീകരിച്ച് കഴിഞ്ഞ് സി. &എ. ജി.-യുടെ ആഡിറ്റ് കൂടി കഴിയുമ്പോൾ 2015-16 വർഷം വരെയുള്ളത് പൂർത്തിയാക്കാമെന്നും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാനേജിംഗ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നല്കിയിരുന്നു.

(8) കാലതാമസം വരുന്നതിനുള്ള കാരണങ്ങൾ വിശദമായി സമിതിക്ക് സമർപ്പിക്കണമെന്നും 2015-16 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് 2019 ഡിസംബർ 31-നകവും തുടർന്നുള്ള വർഷങ്ങളിലേത് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. സമിതി ആവശ്യപ്പെടുന്ന അധികവിവരം ലഭ്യമാക്കുവാൻ വർഷങ്ങൾ ഏറെ എടുക്കുന്നത് ഒരുകാരണവശാലും ന്യായീകരിക്കാൻ കഴിയില്ലെന്നും ഇത്തരം വീഴ്ച മേലിൽ സംഭവിക്കരുതെന്നും തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെയും പ്രസ്തുത സ്ഥാപനം കുടിശ്ശിക റിപ്പോർട്ടുകളൊന്നും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള അലംഭാവത്തെയാണ് കാണിക്കുന്നത്.

(9) ബോർഡിന് നിയമസഭയോടും സമിതിയോടുമുള്ള ഉത്തരവാദിത്വം ഉൾക്കൊണ്ടുകൊണ്ട് സമിതി ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഒരു മാസത്തിനകം തന്നെ മറുപടി സമർപ്പിക്കുന്നതിന് വകുപ്പ് ശ്രദ്ധിക്കണമെന്നും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ 2015-16 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കാനും റിപ്പോർട്ടുകളുടെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്നും കെ.എൽ.ഡി. ബോർഡിന് നിർദ്ദേശം നൽകാനും മൃഗസംരക്ഷണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

## 2. കേരള ഫീഡ്സ് ലിമിറ്റഡ്

(10) ഗുണമേന്മയുള്ള കാലിത്തീറ്റ നിർമ്മാണത്തിനും സംഭരണത്തിനും വിതരണത്തിനുമായി തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര ഗ്രാമത്തിൽ 1995-ൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കേരള ഫീഡ്സ് ലിമിറ്റഡ് സ്ഥാപിതമായി. കേരള ഫീഡ്സ് ലിമിറ്റഡിന്റെ 2012-13 സാമ്പത്തിക വർഷം വരെയുള്ള റിപ്പോർട്ടുകളാണ് തെളിവെടുപ്പ് നടന്ന തീയതിക്ക് മുമ്പായി സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന് സമർപ്പിച്ചിട്ടുള്ളത്. 2013-14 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ കുടിശ്ശികയാണെന്നും സ്റ്റാറ്റ്യൂട്ടറി ആഡിറ്ററെ സമയബന്ധിതമായി നിയമിക്കാത്തതിനാലാണ് ആഡിറ്റ് പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായത് എന്നുമാണ് സ്ഥാപനം അറിയിച്ചിട്ടുള്ളതെന്നും മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. കുടിശ്ശിക റിപ്പോർട്ടുകൾ 2019 ഡിസംബർ 31-ന് മുൻപ് സഭയിൽ സമർപ്പിക്കാൻ കഴിയുമെന്ന് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

(11) സമിതിയുടെ ഇടപെടലിനെ തുടർന്ന് കേരള ഫീഡ്സ് ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് 29-10-2019-നും 2014-15-ലെ വാർഷിക റിപ്പോർട്ട് 5-2-2020-നും സഭയിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് ലഭ്യമാക്കിയ 2015-16-ലെ വാർഷിക റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എന്നിരുന്നാലും തെളിവെടുപ്പിന് ശേഷം രണ്ട് മാസത്തിനകം രണ്ട് വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കിയ നടപടിയെ അഭിനന്ദിക്കുന്നതിനോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾ കൂടി അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും" എന്ന് പ്രത്യേകം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കണമെന്ന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുവാനും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

## 3. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

(12) 1956-ലെ കമ്പനി ആക്ട് പ്രകാരം 1989-ൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപിതമായി. വളർത്തു പക്ഷികളുടെ മാംസം, മുട്ട എന്നിവയുടെ നിർമ്മാണം, സംസ്കരണം തുടങ്ങിയവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനം സംസ്ഥാനത്തിന്റെ കാർഷിക, വ്യാവസായിക മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ്. പ്രസ്തുത സ്ഥാപനം 2012-13 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളുമാണ് തെളിവെടുപ്പ് തീയതി വരെ നിയമസഭയിൽ സമർപ്പിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയായിരുന്നു.

(13) 2015-ന് ശേഷമാണ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിച്ചതെന്നും അതിനാലാണ് ടി റിപ്പോർട്ടുകൾ കുടിശ്ശികയായതെന്നും 3 വർഷത്തേയ്ക്കാണ് ആഡിറ്റർമാരെ നിയമിക്കുന്നതെന്നും കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്താമെന്ന് ആഡിറ്റർമാർ ഉറപ്പ് നൽകിയിട്ടുണ്ടെന്നും കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയാക്കി സി.&എ.ജി.യുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ് ചെയ്യുന്നതെന്നും സി. & എ.ജി.യുടെ പരിശോധന പൂർത്തിയാക്കാൻ 3 മാസം വരെ സമയമെടുക്കുന്നുണ്ടെന്നും അതിന് ശേഷമാണ് എ.ജി.യുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതെന്നും ഇതുകാരണമാണ് പലപ്പോഴും റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാതെ വരുന്നതെന്നും 2014-15 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടെന്നും 2019 സെപ്റ്റംബർ 27-ാം തീയതി കൂടുന്ന ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടെ ആയത് വകുപ്പിന് സമർപ്പിക്കുന്നതാണെന്നും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

(14) ഇക്കാരണങ്ങൾ സമിതിയെ കൂടാതെ എ.ജി.യുടെയും കൂടി ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും കുടിശ്ശിക റിപ്പോർട്ടുകൾ 2019 ഡിസംബർ 31-നകം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ 2014-15-ലെ വാർഷിക റിപ്പോർട്ട് 5-2-2020-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2015-16 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സമിതി വളരെ ഗൗരവത്തോടെ കാണുന്നു.

(15) അതാത് വർഷങ്ങളിലെ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുവാൻ മൃഗസംരക്ഷണ വകുപ്പ് സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## 4. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

(16) ഇറച്ചിയുടെയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിനും വിതരണത്തിനുമായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 1973-ൽ മീറ്റ് പ്രോഡക്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് സ്ഥാപിതമായി. തെളിവെടുപ്പ് തീയതിയിൽ സ്ഥാപനത്തിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയായിരുന്നു. സ്റ്റാറ്റ്യൂട്ടറി ആഡിറ്റേഴ്സിനെ നിയമിക്കാനും ധനകാര്യ വകുപ്പിന്റെയും സി.&എ.ജി.യുടെയും കമന്റ്സ് ലഭിക്കാനും താമസിച്ചതിനാലാണ് റിപ്പോർട്ടുകൾ സമർപ്പിക്കാൻ കാലതാമസം നേരിട്ടതെന്ന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

(17) 2014-15 വർഷത്തെ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് 2019 സെപ്റ്റംബർ 30- ാം തീയതി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും 2015-16-ലെ റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കാമെന്നും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് സമർപ്പിക്കാറുള്ളതെന്നും ആഡിറ്റ് റിപ്പോർട്ടുകൾ കൂടി ലഭ്യമാക്കണമെന്നും നിശ്ചിത സമയത്തിനുള്ളിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സമർപ്പിക്കുകയും ബാക്കിയുള്ളവ എന്തുകൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്നുള്ള കാരണം കാണിച്ചുകൊണ്ടും അവ എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കും എന്നറിയിച്ചുകൊണ്ട് കത്ത് നൽകുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

(18) സമിതിയുടെ നിരന്തരമായ ഇടപെടലിനെ തുടർന്ന് പ്രസ്തുത സ്ഥാപനം 2014-15, 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 5-2-2020, 24-8-2020 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2016-17 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണവും അവ എന്നത്തേയ്ക്ക് തയ്യാറാക്കി ലഭ്യമാക്കുവാൻ സാധിക്കും എന്ന വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് കത്ത് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം പാലിക്കാത്തത് വകുപ്പിന്റെ അനാസ്ഥയായി സമിതി കാണുന്നു.

(19) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ 2016-17 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നല്കാൻ മൃഗസംരക്ഷണ വകുപ്പ് ശ്രദ്ധിക്കണമെന്നും കാലതാമസം ഉണ്ടാകുന്ന പക്ഷം അതിനുള്ള വ്യക്തമായ കാരണവും എന്നത്തേയ്ക്ക് ലഭ്യമാക്കും എന്ന വിവരവും സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5. <u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

(20) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ആക്ട് 2010 പ്രകാരം കേരള മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്ഥാപിതമായി. കന്നുകാലി ക്ഷേമത്തിനുള്ള ഗവേഷണ സാധ്യതകളുടെ വാതിൽ തുറന്ന് കാർഷിക വ്യാവസായിക രംഗങ്ങളിൽ വൻകുതിച്ച ചാട്ടം നടത്താൻ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയ്ക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. മൃഗപരിപാലനത്തിനും സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും യുവ തലമുറയെ വാർത്തെടുക്കുന്നതിൽ പ്രസ്തുത സർവ്വകലാശാല നിസ്തുലമായ പങ്ക് വഹിക്കുന്നു.

(21) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ആക്ട് 2010-ലെ 44(2),44(3) എന്നീ വകുപ്പുകളിൽ യൂണിവേഴ്സിറ്റിയുടെ ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

44(2) “ The annual accounts and the balance sheet shall be submitted by the Vice Chancellor to the Government, which shall cause an audit to be carried out by such persons as it may appoint in this bahalf. The Accounts when audited shall be printed and copies thereof, together with the audit report, shall be presented by the Vice Chancellor to the Management Council and the Chancellor.”

44(3) “ The Management Council shall submit a copy of accounts and the report to the Government along with a statement of the Action Taken by the University on audit report, and the State Government shall cause the same to be laid before the Legislative Assembly.”

(22) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ആക്ട് 2010-ലെ 46(1), 46(2) എന്നീ വകുപ്പുകളിൽ യൂണിവേഴ്സിറ്റിയുടെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

46(1) “The Annual report of the University shall be prepared and published by the University and such report as approved by the Board of Management shall be submitted to the Chancellor, the Government and the Management Council. The management council shall take appropriate action on the recommendations of the Board of Management and report the Action Taken to the Board of Management.”

46(2) "The Government shall cause the same to be laid on the table of the Legislative Assembly."

(23) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വാർഷിക റിപ്പോർട്ടുകൾ നൽകുന്നുണ്ടെങ്കിലും എന്തുകൊണ്ടാണ് ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കാത്തതെന്ന് സമിതി ആരാഞ്ഞതിന് 2011-ലാണ് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി രൂപീകരിച്ചതെന്നും 2012 മുതൽ 2016 വരെയുള്ള റിപ്പോർട്ടുകൾ ഒരു സി.ഡി.യിലാക്കിയാണ് ഗവൺമെന്റിന് നൽകിയിരിക്കുന്നതെന്നും സഭയിൽ സമർപ്പിക്കുന്നതിന് വർഷം തിരിച്ചുള്ള ആഡിറ്റുകൾ തയ്യാറാക്കി നൽകാമെന്നും തെളിവെടുപ്പ് വേളയിൽ മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. 2019 ഡിസംബർ 31-ാം തീയതിക്കകം ആഡിറ്റ് റിപ്പോർട്ടുകളും ഓരോന്നിനും പ്രത്യേകം പ്രത്യേകം ഡിലേ സ്റ്റേറ്റ്മെന്റുകളും നല്കണമെന്ന് സമിതി കർശനനിർദ്ദേശം നൽകുകയും തുടർന്ന് 2010-11 മുതൽ 2015-16 വരെയുള്ള ആഡിറ്റഡ് കണക്കുകളും 2018-19-ലെ വാർഷിക റിപ്പോർട്ടും താമസംവിനാ ലഭ്യമാക്കുകയും ആയത് 5-2-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമിതി നിർദ്ദേശപ്രകാരം തുടർനടപടികൾ അടിയന്തരമായി സ്വീകരിച്ച് കുടിശ്ശിക റിപ്പോർട്ടുകൾ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ലഭ്യമാക്കുന്നതിൽ സ്ഥാപന ഉദ്യോഗസ്ഥർ കാണിച്ച ശുഷ്കാന്തിയും ആത്മാർത്ഥമായ പ്രവർത്തനത്തിനും സമിതിയുടെ അഭിനന്ദനം അറിയിക്കുന്നു. മേലിലും സമയബന്ധിതമായി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ വകുപ്പ് മേധാവി ജാഗ്രത കാണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(24) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 2016-17 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### 6. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

(25) കേരളത്തിലെ ക്ഷീര കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷനും മറ്റ് ധനസഹായങ്ങളും അനുവദിക്കുന്നതിനും വേണ്ടിയാണ് തിരുവനന്തപുരം ആസ്ഥാനമാക്കി കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് സാമൂഹികമായും സാമ്പത്തികമായും ഉന്നമനം ഉറപ്പാക്കുക, പാലുല്പാദനരംഗത്ത് കേരളത്തെ സ്വയം പര്യാപ്തമാക്കുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഭാരതത്തിൽ തന്നെ ഇദംപ്രഥമമായ ഒരു സംരംഭമാണിത്.

(26) തെളിവെടുപ്പ് വേളയിൽ പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയായിരുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് നടത്താൻ വൈകിയതുകൊണ്ടാണ് 2013-14 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയായതെന്നും 2016-17 വരെയുള്ള ആഡിറ്റുകൾ പൂർത്തീകരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് സി.ഇ.ഒ. തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

(27) 2005-06 മുതൽ 2011-12 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റിന്മേൽ അധിക വിവരം ആരാഞ്ഞ് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും മറുപടി ലഭ്യമാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അതിന്മേൽ വിശദീകരണം ആരായുകയും ചെയ്തു. ഉദ്യോഗസ്ഥരുടെ അറിവില്ലായ്മകൊണ്ടാണ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതെന്നും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഒരാഴ്ചയ്ക്കകം വകുപ്പിൽ സമർപ്പിക്കുന്നതാണെന്നും സി.ഇ.ഒ. സമിതിക്ക് മറുപടി നല്കി. 2013-14 മുതൽ 2017-18 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 2019 ഡിസംബർ 31-ാം തീയതിക്കകം സമർപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ചെയർമാൻ നിർദ്ദേശിക്കുകയും സമിതി നിർദ്ദേശ പ്രകാരം 2013-14 മുതൽ 2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ടുകൾക്കൊപ്പം ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് വകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുന്നു.

(28) കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ നിന്നും ലഭ്യമാക്കിയ 2013-14 മുതൽ 2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഓരോന്നിനും പ്രത്യേകം പ്രത്യേകം ഡിലേ സ്റ്റേറ്റ്മെന്റുകൾ അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സ്ഥാപനത്തിന്റെ 2017-18 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ താമസംവിനാ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## പൊതു ശിപാർശകളും/നിർദ്ദേശങ്ങളും

(29) ഒരു സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് അതത് ആക്ടിലോ ചട്ടങ്ങളിലോ വിനിർദ്ദേശിച്ചിട്ടില്ലെങ്കിലും സ്ഥാപനത്തിന്റെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം പൂർത്തിയായി 9 മാസത്തിനുള്ളിൽ നിയമസഭയിൽ വയ്ക്കേണ്ടതാണെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി(3) അനുശാസിക്കുന്നു എന്ന വിവരം എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(30) സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് എന്ന് നിർബന്ധമായും രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(31) മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാരിന്റെ സാമ്പത്തിക സഹായം കൈപ്പറ്റുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ലിസ്റ്റും ഓരോ സ്ഥാപനത്തിനും 2018-19 സാമ്പത്തിക വർഷം ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ചുമുള്ള വിശദവിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(32) നിയമസഭയ്ക്ക് രേഖകൾ സമർപ്പിക്കേണ്ടതിന്റെ ഗൗരവം ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തുന്നതിന് വകുപ്പ് സെക്രട്ടറി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക /ആഡിറ്റ് റിപ്പോർട്ടുകൾ, നിയമസഭയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(33) കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമായിരിക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

(34) കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-2021) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് വകുപ്പ് സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.